**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 823** **11-02-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് മാസംതോറും എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ; | (എ) | മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി തലം മുതൽ പ്രവേശനം നേടിയ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പായി സംസ്ഥാന സർക്കാർ/ യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable feesഉം, സ്റ്റേറ്റ് അക്കാഡമിക് അലവൻസുകളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ഫീസ് എന്നിവ ലഭിക്കുന്നു .ഗവേഷണ വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് ലഭിക്കുന്നു . പാരലൽ കോളജ് വിദ്യാഭ്യാസത്തിന് വാർഷിക നിരക്കിൽ ഒറ്റത്തവണയായി ആനുകൂല്യങ്ങൾ നൽകുന്നു.<br><br>സംസ്ഥാനത്തെ 1 മുതൽ 10 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, എഡ്യൂക്കേഷൻ എയ്ഡ്, ഇതിന് പുറമെ പട്ടികജാതിയിലെ ദുർബല സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും, പട്ടികവർഗ്ഗത്തിലെ പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും സ്റ്റൈപ്പന്റ് എന്നിവയും ലഭിക്കുന്നു. അംഗീകൃത അൺ എയിഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്കുള്ള റീ-ഇംപേഴ്സ്മെന്റ് സ്കോളർഷിപ്പ് , കേന്ദ്രീയ വിദ്യാലയങ്ങളിൽ 10-ാം ക്ലാസ്സ് വരെയുള്ള പഠനത്തിന് ലംപ്സം ഗ്രാന്റും, Kendriya Vidyalaya Sangathan കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലുള്ള കമ്പ്യൂട്ടർ ഫീസും, വിദ്യാലയ വികാസ് നിധി (വി.വി.എൻ) യും, സൈനിക സ്കൂളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, ക്ലോത്തിംഗ് ചാർജ്, പോക്കറ്റ് മണി, അദർ ചാർജസ് ഇനങ്ങളിലുള്ള തുകയും, ലംപ്സംഗ്രാന്റും , സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള |

| | | | |
|---|---|---|---|
| | | | മെട്രിക്/ നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ്, KGCE കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്കും, വ്യവസായ പരിശീലന വകുപ്പിന്റെ അംഗീകാരമുള്ള നോൺ മെട്രിക് വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ്/ നോൺ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്കും നിബന്ധനകൾക്കു വിധേയമായ ആനുകൂല്യങ്ങളും ലഭിക്കുന്നു. നഴ്സറി തലത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് അനുവദിച്ച് വരുന്നു. കൂടാതെ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്ക് ഉടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250/- രൂപയും 1000/- രൂപയും നൽകുന്നു. വിവിധ വാർഷിക പൊതു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനവും , സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 4,7 ക്ലാസുകളിലെ പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സെർച്ച് സ്കോളർഷിപ്പും ലഭിക്കുന്നു.<br><br>പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ, ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ, PM-YASASVI Pre-matric Scholarship for OBC & EBC, PM-YASASVI Post-matric Scholarship for OBC & EBC, കെടാവിളക്ക്സ്കോളർഷിപ്പ് എന്നിവയാണ് ലഭിക്കുന്നത്. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങളിൽ എത്ര മാസത്തെ തുകയാണ് കുടിശ്ശികയെന്ന് വ്യക്തമാക്കാമോ? | (ബി) | അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024 -25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപയും, അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപടെ 333 കോടി രൂപ പൂർണമായും വിനിയോഗിച്ച് കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. 2023-24 അധ്യയന വർഷത്തെ പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ പൂർണ്ണമായും പേയ്മെന്റ് ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2024-25 വർഷത്തെ പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണം ചെയ്തു വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 2023-24 വർഷം വരെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇ -ഗ്രാൻഡ്സ് മുഖേന പൂർണമായും അനുവദിച്ചു നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു.<br><br>സ്ഥാപനങ്ങൾ, കോഴ്സ് എന്നിവ അനുസരിച്ച് പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ കുടിശ്ശികക്ക് ഏകീകൃത സ്വഭാവമല്ല ഉള്ളത്. |

സെക്ഷൻ ഓഫീസർ